ഭക്ഷ്യ എണ്ണകൾ പായ്ക്ക് ചെയ്യാതെ വിൽപ്പന നടത്തരുതെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം

11 (*600) ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ എണ്ണകൾ പായ്ക്ക് ചെയ്യാതെ വില്പന നടത്തരുതെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഭക്ഷ്യ എണ്ണയിൽ മായം കലരുന്നത് തടയാനായി ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാവുമോ ;

(ഡി) വിശദ വിവരം വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്. 1998-ലെ ദി എഡിബിൾ ഓയിൽസ് പാക്കേജിംഗ് (റെഗുലേഷൻ) ഉത്തരവ് പ്രകാരം കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ എണ്ണയിൽ മായം ചേർക്കൽ തടയുന്നതിനും ശരിയായ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുന്നതിനും വേണ്ടി ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മുഖ്യമായും ഉപയോഗിക്കുന്ന ഭക്ഷ്യ എണ്ണ വെളിച്ചെണ്ണ ആണ്. എന്നാൽ ഈ നിയമം നടപ്പിലാക്കിയാൽ കേരളത്തിലെ ചെറുകിട വെളിച്ചെണ്ണ ഉൽപ്പാദകരെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ വെളിച്ചെണ്ണയെ ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി & ഡി) ഭക്ഷ്യ എണ്ണയിൽ മായം ചേർക്കുന്നത് തടയാനായി എല്ലാ ജില്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പായ്ക്ക് ചെയ്തു വിൽക്കുന്ന വെളിച്ചെണ്ണയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly